# 365

സ്തോത്രം സ്തോത്രം നിൻനാമത്തിനു പരാ!
എന്നെ കാത്തു പാലിച്ച പിതാവേ!-

1 കീർത്തി മഹത്ത്വം പ്രകാശം സത്യം ദയയും പ്രഭാവം
പൂർത്തിയായ് വിളങ്ങുന്നൊരു കർത്തനേ! ദേവാ!
പാത്രനല്ലെങ്കിലും എന്റെ പ്രാർത്ഥന ചെവിക്കൊള്ളുവാൻ
തൻകൃപാസനം വഴിയേ പാർത്തരുളേണമിങ്ങിപ്പോൾ-

2 പൂർണ്ണചിത്തം ശക്തിയോടും നിർണ്ണയം സത്ഭക്തിയോടും
നിന്നെ വന്ദിപ്പാൻ സഹായം തന്നരുളേണം
നിന്നോടുള്ള പ്രീതി ഭയം എന്നിലൊന്നിച്ചു വസിപ്പാൻ
ഇന്നു നിന്നാത്മാവിൻ അഗ്നി എന്നിൽ ജ്വലിപ്പിച്ചിടേണം-

3 ഇന്നു ശുദ്ധരുടെ യോഗേ എന്നോടെഴുന്നള്ളണം നീ
നിന്നെ ഭക്തിയായ് വന്ദിപ്പാൻ നിൻതുണവേണം
അന്യചിന്തകളൊന്നുമെന്നുള്ളിൽ അണയാതിരിപ്പാൻ
എന്റെ നോട്ടം മുഴുവൻ നീ നിന്റെ മേൽ പതിപ്പിക്കേണം-

4 വ്യാധിയാപത്തിൻനിമിത്തം മോദമായാരാധനയ്ക്കും
പ്രാർത്ഥനയ്ക്കും വരാൻ വിഘ്നം ആർത്തിയുമുള്ള
ക്രിസ്തുസഭക്കാർക്കു കർത്താ സ്വസ്ഥമാശ്വാസമരുൾക
പ്രാർത്ഥനകളെ ശ്രവിച്ചു പൂർത്തിയായരുൾ തരിക-

5 അന്ധകാരത്തിൻ പ്രഭുവിൻ ബന്ധനത്തുള്ളോരെയും നീ
സ്വന്ത ഭക്തരാക്കിടേണം ശക്തിമാൻ ദേവാ!
രാജരും പ്രജകളെല്ലാം പൂജിത ദേവ! നിന്നുടെ
രാജപുത്രരായിടുവാൻ യോജ്യതപ്പെടുത്തിടുക-

6 ശക്തനാം വിശുദ്ധാത്മാവേ ഭക്തി ദാനം ചെയ്യുന്നോനേ
മുക്തിബോധം നൽകും നീ ചിത്തത്തിൽ വരിക
സത്യസുവിശേഷസാരം ബോധനം ചെയ്കയിന്നേരം
സത്യവിശ്വാസം സദ്ഭക്തി ദത്തം ചെയ്ക ഇക്ഷണത്തിൽ-

7 അന്നവസ്ത്രം സൗഖ്യം ബുദ്ധി തന്നരുൾക നീ ഇന്നും എന്നും
ഒന്നും ആപത്തും വരാതെ നിന്നുടെ മുമ്പിൽ
എന്നെ നടത്തിപ്പാലിക്ക ഉന്നതപിതാ സുതാത്മ!
നിന്നുടെ നാമത്തിനെന്നും വന്ദനം വന്ദനം ആമേൻ-